പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1638 **15.02.2016**-ൽ മറുപടിയ്ക്ക്.

## ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി

| **ചോദ്യം**<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | | **മറുപടി**<br>ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| **(എ)** | നിലവിലുള്ള സർക്കാരിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | **(എ)** | ഉണ്ട്. |
| **(ബി)** | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | **(ബി)** | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയുമാണ് പഞ്ചവൽസര പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിയ്ക്കും വേണ്ടിയുള്ള വികസന പദ്ധതികൾ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ മുഴുവൻ വിഭാഗങ്ങളേയും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ. പരമ്പരാഗത മൽസ്യ തൊഴിലാളികൾ, പാരമ്പര്യ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർ) പ്രത്യേകം പരിഗണിച്ചുകൊണ്ട് സുസ്ഥിരമായ, ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വേണ്ടിയാണ് പഞ്ചവൽസര പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ പൊതു വികസനം, തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുടെ കാര്യക്ഷമതയും ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന കാഴ്ചപ്പാടും കൂടി അനുസരിച്ചായിരിക്കുമെന്നതും പഞ്ചവൽസരപദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉദ്ദേശ്യങ്ങളിലൊന്നാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിനടത്തിപ്പിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (സി) | മേൽ വിവരിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നതിനുതകുന്ന വിധത്തിലാണ് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. എല്ലാ ആഴ്ചകളിലും നടക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും എന്തെങ്കിലും തടസ്സമുള്ള പക്ഷം അവ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു വരുന്നു. കൂടാതെ, മേഖലാ തലത്തിൽ നടക്കുന്ന വകുപ്പ മന്ത്രിയുടെ പദ്ധതി അവലോകന യോഗത്തിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.